(എഫ്)പട്ടിക വിഭാഗക്കാരുടെ പ്രാതിനിത്യക്കുറവ് സമയ ബന്ധിത മായി പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കു ന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) അന്വേഷിച്ച് വിവരം അറിയിക്കുന്നതാണ്.

**59 (1023) ജീവനക്കാരുടെ എണ്ണം കുറയ്ക്കാൻ നടപടി**

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98 വർഷത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് എത്ര രൂപ ലാഭ നഷ്ടമുണ്ടായി;

(ബി) കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കു ന്നതുവഴി തസ്തികകളുടെ എണ്ണം എത്രമാത്രം കുറയ്ക്കുവാൻ കഴിയുമെ ന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) കോർപ്പറേഷൻ ലാഭകരമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരു ടെയും ബസുകളുടെയും എണ്ണം തമ്മിലുള്ള അനുപാതത്തിൽ ജീവനക്കാ രുടെ എണ്ണം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 സാമ്പത്തിക വർഷം 50.99 കോടി രൂപ നഷ്ടമുണ്ടായി.

(ബി) കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർ നെറ്റ്വർക്ക് ആരംഭിച്ചത് ജീവനക്കാരെ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയല്ല. മറിച്ച് ഓഫീസ് ജോലി കൾ കൂടുതൽ എളുപ്പമുള്ളതാക്കുവാൻ വേണ്ടിയാണ്.

(സി) കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ജീവനക്കാരുടെ എണ്ണം ഇപ്പോൾ കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്.

**60 (1024) പി.എഫ്. ലോൺതുക അനുവദിക്കുന്നതിൽ കാലതാമസം**

ശ്രീ. എ.കെ. മണി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ തൊഴിലാളികളിൽ എത്രപേർ ഇപ്പോൾ പി.എഫിൽ അടച്ച തുകയിൽനിന്ന് ലോണിന് അപേക്ഷിച്ചിട്ടുണ്ട്;

(ബി) ഈ അപേക്ഷകളിൽ ഏറ്റവും കൂടിയ കാലപ്പഴക്കം എത്ര യാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു മാസം വരെയും മൂന്നു മാസം മുതൽ ആറുമാസം വരെയും ആറു മാസത്തിൽ കൂടുതലും കാലപ്പഴക്കമുള്ള എത്ര ലോൺ അപേക്ഷകൾ ഇപ്പോൾ തീർപ്പാക്കാതെയുണ്ട്;

(ഡി) ഈ അപേക്ഷകൾ തീർപ്പാക്കാതെ കിടക്കാനുള്ള കാരണമെന്താണ്;

(ഇ) ജീവനക്കാർ പ്രോവിഡന്റ് ഫണ്ടിലേക്ക് അടച്ച തുക ലോൺ അടിസ്ഥാനത്തിൽ മടക്കിക്കൊടുക്കുന്നതിനുള്ള ബുദ്ധിമുട്ട് എന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1.1.99 മുതൽ 22.6.99 വരെ 4618 പേർ ലോണിനു അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) 6 മാസം

(സി) ഒരു മാസം വരെ പഴക്കമുള്ളവ - 680

മൂന്നുമാസം മുതൽ ആറുമാസം വരെ പഴക്കമുള്ളവ - 323

ആറു മാസത്തിൽ കൂടുതൽ പഴക്കമുള്ളവ - ഇല്ല

(ഡി) അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നില്ല. ഈ കാലയളവിൽ ലഭിച്ച 4618 അപേക്ഷകളിൽ 3714 എണ്ണം പരിശോധിച്ച് ഉത്തരവുകൾ നൽകിയിട്ടുള്ളതാണ്. ബാക്കിയുള്ള 904 അപേക്ഷകൾ ലോൺ അനുവദിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്.

(ഇ) നടപടിക്രമങ്ങളിൽ കാലതാമസം നേരിടാറുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

**61 (1025) വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം**

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ആവശ്യമായ ഗതാഗത സൗകര്യവും ഉറപ്പു വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) വിദ്യാർത്ഥികളെ കൺസഷൻ നിരക്കിൽ യാത്ര ചെയ്യാൻ അനുവദിക്കാത്ത സ്വകാര്യ ബസ് ജീവനക്കാർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളും ബസ് ജീവനക്കാരും തമ്മിൽ കൺസഷന്റെ പേരിൽ സംഘർഷമുണ്ടാകാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ഡി) വിദ്യാർത്ഥി പ്രതിനിധികൾ കെ.എസ്.ആർ.ടി.സി. പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് എന്നിവരുൾപ്പെട്ട കമ്മിറ്റി ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച് വിദ്യാർത്ഥികൾക്കുള്ള ഗതാഗത സൗകര്യങ്ങൾ വിലയിരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly